➩ മുതലാളിത്തത്തിന്റെ ഏറ്റവും മോശപ്പെട്ട അംശങ്ങളെയാണ് നാം സ്വീകരിച്ചിരിക്കുന്നത് ➩

# ഈ മരണമുഖത്ത് നിന്നും ഞങ്ങൾ സമരമുഖത്തേക്ക് തിരികെയെത്തും

13 പേർ പോലീസ് വെടിവയ്പിൽ കൊല്ലപ്പെട്ട തൂത്തുക്കുടിയിലെ സ്റ്റെർലൈറ്റ് പ്ലാന്റിനെതിരായ സമരത്തിൽ പങ്കെടുത്ത കൃഷ്ണമൂർത്തി കിട്ടു സമരാനുഭവങ്ങൾ പങ്കുവയ്ക്കുന്നു. 'സ്റ്റെർലൈറ്റ് എതിർപ്പ് തൂത്തുക്കുടി മാവട്ട മക്കൾ പോരാട്ട കൂട്ട'ത്തിന്റെ പ്രതിനിധിയാണ് അദ്ദേഹം. സമരത്തെക്കുറിച്ചും പോലീസ് നരഹത്യയെക്കുറിച്ചും ഭാവിയെക്കുറിച്ചും...

**കൃഷ്ണമൂർത്തി / കേരളീയം**

**വികസനത്തിന്റെ പേരിൽ എത്തിയത് മണ്ണിനേയും മനുഷ്യനേയും നശിപ്പിക്കുന്ന ഒരു വ്യവസായശാലയായിരുന്നു എന്നതാണല്ലോ നിങ്ങളുടെ അനുഭവം. എപ്പോഴാണ് ഈ വികസനം പ്രശ്നങ്ങൾ നിറഞ്ഞതാണെന്ന് തിരിച്ചറിഞ്ഞു തുടങ്ങിയത്?**

സംഘകാലഘട്ടത്തിൽ പറയുന്ന പോലുള്ള അഞ്ച് തിണകളും ഉൾപ്പെടുന്ന പ്രദേശമാണ് തൂത്തുക്കുടി. മലകളും കാടുകളും വരണ്ടപ്രദേശങ്ങളും വയലുകളും തീരപ്രദേശങ്ങളും ചേർന്ന വൈവിദ്ധ്യമുള്ള ആവാസ വ്യവസ്ഥയാണ് തൂത്തുക്കുടിയെ സമ്പുഷ്ടമാക്കുന്നത്. 40,000 ഹെക്ടർ കൃഷിഭൂമിയുണ്ടായിരുന്ന ജില്ലയായിരുന്നു തൂത്തുക്കുടി. ഇപ്പോഴത് 18,000 ഹെക്ടറായി കുറഞ്ഞിരിക്കുന്നു. ഉപ്പുകൃഷി ചെയ്തിരുന്ന പാടങ്ങളെല്ലാം വൻകിട വ്യവസായശാലകൾക്ക് വഴിമാറിയിരിക്കുന്നു. കൃഷിഭൂമിയും ഉപ്പളവും നശിപ്പിച്ചുകൊണ്ട് എന്തു വികസനമാണ് വരാൻ പോകുന്നത്. ഇതു രണ്ടുമായിരുന്നു ഞങ്ങളുടെ ജീവിതത്തിന്റെ അടിസ്ഥാനം. ഇതെല്ലാം നഷ്ടമാക്കിക്കൊണ്ടാണ് സ്റ്റെർലൈറ്റ് പോലെയുള്ള കമ്പനികൾ തൂത്തുക്കുടിയിലേക്ക് കടന്നുവരുന്നത്. മധ്യപ്രദേശിലും മഹാരാഷ്ട്രയിലും സ്റ്റെർലൈറ്റ് കമ്പനി നിർമ്മിക്കാനായിരുന്നു വേദാന്തയുടെ ആദ്യ ആലോചന. എന്നാൽ ശക്തമായ ജനകീയ പ്രതിരോധത്തെ തുടർന്ന് ഇരു സംസ്ഥാനങ്ങളും പദ്ധതിയിൽ നിന്നും പിന്മാറി. തുടർന്നാണ് തമിഴ്നാട്ടിലെ തൂത്തുക്കുടിയിൽ കമ്പനിക്ക് അനുമതി ലഭിക്കുന്നത്. അങ്ങനെ ലോകത്തിലെ ഏറ്റവും വലിയ ഖനി-ലോഹ വ്യവസായമായ വേദാന്ത ലിമിറ്റഡിന്റെ കീഴിൽ സ്റ്റെർലൈറ്റ് കോപ്പർ എന്ന ചെമ്പുരുക്ക് വ്യവസായ ശാല തൂത്തുക്കുടിയിൽ പ്രവർത്തനമാരംഭിച്ചു. പ്രതിവർഷം 438000 ടൺ ചെമ്പ് കാഥോഡുകളാണ് ഇവിടെ ഉൽപാദിപ്പിക്കപ്പെടുന്നത്; അതായത് പ്രതിദിനം ഏകദേശം 1200 ടണ്ണാണ് ഉൽപാദനം. 1995ൽ നിർമ്മാണമാരംഭിച്ച കമ്പനി 1997ൽ പണി പൂർത്തിയാക്കി. നിലവിലുള്ള ഉൽപാദനം ഇരട്ടിയാക്കുന്ന രീതിയിൽ കമ്പനി വികസിപ്പിക്കാനാണ് വേദാന്തയുടെ ഇപ്പോഴത്തെ ശ്രമം. അതായത് പ്രതിവർഷം 43,800 ടൺ കൂടി ഉൽപാദനം വർദ്ധിപ്പിക്കാനുതകുന്ന രീതിയിൽ പുതിയ ഒരു പ്ലാന്റ് സ്ഥാപിക്കുക എന്നതാണ് അവരുടെ ലക്ഷ്യം. ഈ ലക്ഷ്യം പൂർത്തിയാവുകയാണെങ്കിൽ, ജനസാന്ദ്രത വളരെയധികമുള്ള നഗരപ്രദേശത്ത് സ്ഥിതിചെയ്യുന്ന ലോകത്തിലെ ഏറ്റവും വലിയ ഉരുക്കുവ്യവസായശാലയായി ഇത് മാറും.

കമ്പനിയിൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചതു മുതൽത്തന്നെ ഇതിനെതിരായ സമരങ്ങളും ആരംഭിച്ചിരുന്നു. പലരും കരുതുന്നപോലെ 2018ൽ അല്ല ഈ സമരം ആരംഭിക്കുന്നത്. അതിന് വർഷങ്ങളുടെ പഴക്കവും അനുഭവവുമുണ്ട്. മത്സ്യത്തൊഴിലാളികളുടെ നേതൃത്വത്തിലായിരുന്നു സമരമാരംഭിച്ചത്. കമ്പനി വന്നാലുണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങളെക്കുറിച്ചും ആരോഗ്യപ്രശ്നങ്ങളെ കുറിച്ചും അറിവുള്ളവരായിരുന്നു മത്സ്യത്തൊഴിലാളികളായ തദ്ദേശീയർ. കമ്പനി ആവശ്യത്തിനെത്തിയ ചരക്കു കപ്പലുകൾ മത്സ്യത്തൊഴിലാളികൾ ഒരുകാലത്ത് തടഞ്ഞിരുന്നു. ജനങ്ങളുടെ വികസനത്തിന് എന്നു പറഞ്ഞിട്ട് പതിയെ പതിയെ ജനങ്ങളെ തന്നെ ഇല്ലാതാക്കാനാണ് കമ്പനിയും സർക്കാരും ശ്രമിച്ചത്. 'ഒരു പിടി മണ്ണോ ഒരു തുള്ളി വെള്ളമോ നഷ്ടമാകാൻ ഞാൻ അനുവദിക്കില്ല' എന്നാണ് അന്ന് ഉദ്ഘാടന വേളയിൽ മുഖ്യമന്ത്രി പറഞ്ഞിരുന്നത്. അതെല്ലാം പെട്ടെന്ന് മാറിമറിഞ്ഞു. "സ്റ്റെർലൈറ്റിന്റെ മരണ വാതിൽ അടക്കും വരെ ഞങ്ങൾ വീട്ടുവാതിൽ തുറക്കില്ല" എന്നതാണ് ഞങ്ങളുടെ മുദ്രാവാക്യം.

**ജനങ്ങളെ സാരമായി ബാധിക്കുന്ന വാതക ച്ചോർച്ചകൾ തൂത്തുക്കുടിയിൽ ഒരു തുടർക്കഥയായിരുന്നല്ലോ? ഇപ്പോഴാണ് ആ സംഭവങ്ങളുടെ രൂക്ഷതയെല്ലാം പുറം ലോകം അറിഞ്ഞുതുടങ്ങുന്നത്. എന്തായിരുന്നു അനുഭവങ്ങൾ?**

1997 ലെ സ്റ്റെർലൈറ്റ് കമ്പനിയിലെ ചോർച്ചയെ തുടർന്ന് 167 പേരാണ് ബോധംകെട്ടു വീണത്. സർക്കാരിനും കമ്പനിയുടമകൾക്കുമൊപ്പം ചേർന്ന് മാദ്ധ്യമങ്ങളും ഞങ്ങളെ ചതിക്കുകയായിരുന്നു. ആരും തന്നെ ഇതുസംബന്ധിച്ച ഒരു വാർത്തപോലും നൽകിയില്ല. സർക്കാർ മാത്രമല്ല മാദ്ധ്യമങ്ങളും ജനങ്ങൾക്കൊപ്പമില്ല എന്നത് അന്നു മുതൽ ഞങ്ങൾക്കു ബോധ്യപ്പെട്ടു. ഒരു ഗ്രാമത്തിലെ പകുതിയിലധികം ആളുകളെ നേരിട്ടു ബാധിച്ച ഒരു ദുരന്തമായിരുന്നിട്ടും സർക്കാരും മാദ്ധ്യമങ്ങളും ജനങ്ങൾക്കൊപ്പം നിന്നില്ല. വ്യവസായശാലകൾക്ക് വേണ്ടിയാണ് ഈ രണ്ടു കൂട്ടരും നിലകൊണ്ടത്. 1999, 2002, 2007, 2010, 2013 വർഷങ്ങളിൽ അപകടങ്ങളുണ്ടായി. രാവിലെ അഞ്ചു മണിക്കായിരുന്നു മിക്ക ദിവസങ്ങളിലും വാതക ചോർച്ചയുണ്ടായത്. സ്ത്രീകളും കുട്ടികളും വയോധികരും പുരുഷന്മാരുമെല്ലാം ബോധരഹിതരാകും. ഇങ്ങനെ കുറഞ്ഞ നാളുകൾക്കുള്ളിൽ നിരവധി തവണ ചോർച്ചയുണ്ടായതിനെ തുടർന്നാണ് ഞങ്ങൾ കമ്പനിക്കെതിരെ സമരം ചെയ്യാൻ തീരുമാനിക്കുന്നത്. വിദ്യാർത്ഥികൾ പഠിപ്പു മുടക്കിയും വ്യാപാരികൾ കടകൾ അടച്ചും കമ്പനിക്കെതിരെ അണിനിരന്നു. എന്നാൽ സമരം ചെയ്യുന്നവർ അറസ്റ്റ് ചെയ്യപ്പെടുക എന്നല്ലാതെ സ്റ്റെർലൈറ്റ് പ്ലാന്റിനെതിരെ യാതൊരു നടപടിയും ഉണ്ടായില്ല.

**ജീവിക്കണമെങ്കിൽ സമരം ചെയ്യണം എന്ന അവസ്ഥയിലേക്ക് നിങ്ങൾ എങ്ങനെയാണ് എത്തിച്ചേരുന്നത്?**

ഞങ്ങളുടെ ജീവൻ അപഹരിച്ചുക്കൊണ്ടിരിക്കുന്ന ഒരു കമ്പനിയാണിത്. മനുഷ്യനെ മാത്രമല്ല, വെള്ളം, കാറ്റ്, വായു, മണ്ണ് തുടങ്ങിയ എല്ലാ ജീവഘടകങ്ങളെയും അത് മലിനമാക്കുന്നു. ഭരണകൂടത്തിനെതിരായല്ല ഞങ്ങളുടെ സമരം. ഞങ്ങൾ ഇരകളാക്കപ്പെട്ടിരിക്കുന്നു എന്ന അനുഭവമാണ് ഞങ്ങളെ സമരം ചെയ്യാൻ നിർബന്ധിതരാക്കുന്നത്. അടുത്ത തലമുറക്കു വേണ്ടി ഞങ്ങൾക്കു മാത്രമെ ശബ്ദമുയർത്താൻ കഴിയൂ. ഒരു വ്യവസായിയുടെ സാമ്പത്തിക വളർച്ചക്കാണോ ജനങ്ങളുടെ ജീവനാണോ പ്രാധാന്യം എന്നതാണ് ചോദ്യം. 'ജീവിക്കാനുള്ള ഞങ്ങളുടെ അവകാശത്തെ ആർക്കാണ് നിഷേധിക്കാനാവുക?' എന്നാണ് ഞങ്ങൾ കോടതിയോടു ചോദിക്കുന്നത്. ഇത്രയധികം പാരിസ്ഥിതിക പ്രശ്നങ്ങളും ആരോഗ്യ പ്രശ്നങ്ങളും അനുഭവിക്കേണ്ടി വന്നിട്ടും എങ്ങനെയാണ് വ്യവസായശാലകൾ തുറന്നുപ്രവർത്തിക്കാനുള്ള അനുമതി നിങ്ങൾക്ക് നൽകാനാവുന്നത്? ഇത്രയധികം തവണ അടച്ചുപൂട്ടിയ കമ്പനി യാതൊരു പ്രശ്നവുണ്ടാക്കുന്നില്ല എന്നാണോ കോടതി കരുതുന്നത്? പിഴയും നഷ്ടപരിഹാരവും നൽകിയാൽ പ്രകൃതിക്കും മനുഷ്യനുമനുഭവിക്കേണ്ടി വരുന്ന ദുരന്തങ്ങളെ നീതീകരിക്കാൻ കഴിയുമോ? കമ്പനിയുടെ 50 മീറ്റർ ചുറ്റളവിൽ താമസിക്കുന്നവരാണ് സമരത്തിൽ സജീവമായിട്ടുണ്ടായിരുന്നത്. കുമരട്ട്യാപുരം പ്രദേശത്തെ ആളുകളുടെ നേതൃത്വത്തിൽ ആദ്യമൊരു സൂചനാ നിരാഹാര സമരം നടന്നു. അന്ന് ഒരൊറ്റ രാഷ്ട്രീയ പാർട്ടിയുടെ പ്രതിനിധി പോലും ആ സമരത്തെ പിന്തിരിഞ്ഞു നോക്കിയില്ല. സർക്കാർ ഞങ്ങളുടെ സമരാവശ്യങ്ങൾ അംഗീകരിക്കും വരെ ആ നിരാഹാര സമരം അവസാനിപ്പിക്കില്ലെന്ന് ഞങ്ങൾ തീരുമാനിച്ചു. 400 ലധികം ആളുകളുണ്ടായിരുന്നു സമരത്തിൽ. പിന്നീട് സബ് കളക്ടറും മറ്റു ഉദ്യോഗസ്ഥരും നേരിൽ വന്ന് സംസാരിച്ചതിനെ തുടർന്ന് ഞങ്ങൾ സമരം അവസാനിപ്പിച്ചു. അഹിംസാ മാർഗ്ഗത്തിലൂടെയായിരുന്നു ഞങ്ങളു

⇨ അംഗവൈകല്യമുള്ള കുട്ടികൾ പിറക്കുന്നതിനാൽ സ്ത്രീകൾ ഗർഭം ധരിക്കാൻ ഭയക്കുന്നു ⇨




ടെ സമരം. 2018 മാർച്ച് 24 ൽ നടത്താനുദ്ദേശിച്ച പൊതുസമ്മേളനത്തിന്റെ അനുമതി നിഷേധിച്ചു. ഭരണകൂടം സമരത്തിന്റെ ശക്തി മനസ്സിലാക്കിത്തുടങ്ങി എന്നതിന്റെ സൂചനയായിരുന്നു ആ അനുമതി നിഷേധിക്കൽ. എന്നിട്ടും ഞങ്ങൾ സമ്മേളനം നടത്തി. രണ്ട് ലക്ഷത്തിലധികം ജനങ്ങൾ പങ്കെടുത്ത പൊതുസമ്മേളനത്തെക്കുറിച്ചോ അതുന്നയിച്ച ആവശ്യങ്ങളെക്കുറിച്ചോ ഒരു വാർത്ത പോലും നൽകാൻ അപ്പോഴും മാദ്ധ്യമങ്ങൾ തയ്യാറായില്ല. ഇതിൽ പ്രതിഷേധിച്ച് ഞങ്ങൾ മാദ്ധ്യമങ്ങളെ ബഹിഷ്കരിക്കാൻ തീരുമാനിച്ചു. പിറ്റേന്നു മുതൽ, ജനങ്ങൾക്കു വേണ്ടി പ്രവർത്തിക്കാത്ത എല്ലാ പത്ര-ദൃശ്യ മാദ്ധ്യമങ്ങളെയും തൂത്തുക്കുടിയിൽ ബഹിഷ്കരിച്ചു. ഈ പ്രഖ്യാപനത്തെ തുടർന്നാണ് പതിയെപ്പതിയെ സ്റ്റെർലൈറ്റ് കമ്പനി മൂലമുണ്ടാകുന്ന പ്രശ്നങ്ങളെക്കുറിച്ചുള്ള വാർത്തകൾ വന്നുതുടങ്ങിയത്. കുമരട്ട്യാപുരമായിരുന്നു സമരത്തിന്റെ പ്രധാന കേന്ദ്രം. ഓരോ ഗ്രാമങ്ങളിൽ നിന്നും 18 പേരടങ്ങുന്ന കമ്മിറ്റികളുണ്ടാക്കി 20 ലധികം ഗ്രാമങ്ങളിൽ സമരം നടന്നു വരികയായിരുന്നു. രാഷ്ട്രീയക്കാരും സർക്കാരും എന്തുകൊണ്ടാണ് ജനകീയസമരങ്ങളോട് ഇത്രയധികം അവജ്ഞ പുലർത്തുന്നത്? തൂത്തുക്കുടിയിലെ വെടിവെയ്പ്പിനെക്കുറിച്ചുള്ള പ്രധാനമന്ത്രിയുടെ മൗനം എന്തു സന്ദേശമാണ് നൽകുന്നത്. അടുത്ത തലമുറ പോലും പിറക്കാതെപോകുന്ന അവസ്ഥയുണ്ടാകുന്നെങ്കിൽ പിന്നെ ഞങ്ങളെന്തിനു ജീവിക്കണം?

**കമ്പനിയുടെ മലിനീകരണം എന്തെല്ലാം ആരോഗ്യപ്രശ്നങ്ങളാണ് സൃഷ്ടിക്കുന്നത്?**

തൂത്തുക്കുടിയിലെ ജലത്തിൽ അസിഡിറ്റി, കാഡ്മിയം ഫ്ളോറൈഡ് തുടങ്ങിയ അപകടകരമായ രാസവസ്തുക്കൾ കലർന്നിട്ടുണ്ട്. കാറ്റിലും വായുവിലുമെല്ലാം ഇതിന്റെ അംശങ്ങളുണ്ട്. കുമരട്ട്യാപുരം, പണ്ടാലംപെട്ടി, മടത്തൂർ, തുടങ്ങിയ പത്തിലധികം ഗ്രാമങ്ങൾ കമ്പനിയുടെ ഒരു കിലോമീറ്റർ ചുറ്റളവിലായാണ് സ്ഥിതി ചെയ്യുന്നത്. ഇവിടുത്തെ ജലമോ മണ്ണോ ഉപയോഗയുക്തമല്ല. ഇവിടുത്തെ സ്ഥിതിയെക്കുറിച്ച് ഒരു പാരിസ്ഥിതികാഘാത പഠനം പോലും നടന്നിട്ടില്ല. മാസത്തിൽ പത്തു മരണങ്ങൾ നടക്കുന്നുണ്ടെങ്കിൽ അതിൽ എട്ട് പേരും ക്യാൻസർ ബാധിതരാണ്. നവജാത ശിശുക്കൾ പോലും ക്യാൻസർ ബാധിതരാകുന്നു. അംഗവൈകല്യമുള്ള കുട്ടികൾ പിറക്കുന്നതിനാൽ സ്ത്രീകൾ ഗർഭം ധരിക്കാൻ ഭയക്കുന്നു. കഴിഞ്ഞ പത്തു വർഷത്തിനിടയിൽ തൂത്തുക്കുടിയിൽ പിറന്നു വീണത് ആകെ പത്തു ശതമാനം കുഞ്ഞുങ്ങളാണ്. കുട്ടികൾ മുതൽ വയോധികർ വരെ വിവിധ തരം ക്യാൻസറുകളാൽ ദുരിതമനുഭവിക്കുന്നു. കണ്ണിലും രക്തത്തിലും തൊണ്ടയിലും സ്തനങ്ങളിലും എല്ലാം ക്യാൻസർ ഉണ്ടാകുന്നു. കഴിഞ്ഞ മെയ് 22 നു കണ്ണിൽ ക്യാൻസർ പിടിപെട്ടാണ് ഒരാൾ മരിച്ചത്. അതിനു രണ്ടു ദിവസം മുമ്പ് 11 വയസ്സുള്ള ഒരു കുട്ടിയും മരിച്ചു. പണ്ടാരംപെട്ടി എന്ന ഗ്രാമത്തിൽ മാത്രം 196 പേർക്കാണ് ക്യാൻസർ സ്ഥിരീകരിച്ചിരിക്കുന്നത്. അടയാർ ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പഠനം പ്രകാരം തമിഴ്നാട് സംസ്ഥാനത്തെ ഏറ്റവും കൂടുതൽ ക്യാൻസർ രോഗികളുള്ള ജില്ലയാണ് തൂത്തു

ക്കുടി. തൂത്തുക്കുടിയിൽ ജനങ്ങളുടെ ആയുർദൈർഘ്യം കുറഞ്ഞിരിക്കുന്നു. തുടരെ തുടരെയുള്ള മരണങ്ങളാണ് ഞങ്ങളെ സമരത്തിന് പ്രേരിപ്പിക്കുന്നത്. തൂത്തുക്കുടിയിലെ ഓരോ കുഞ്ഞും ജനിച്ചുവീഴുന്നത് മരണത്തെ മുന്നിൽ കണ്ടുകൊണ്ടാണ്. എന്തായാലും തൂത്തുക്കുടിയിലെ ജനങ്ങളിപ്പോൾ രണ്ടു തരത്തിൽ മരണത്തെ അഭിമുഖീകരിക്കുകയാണ്. ആദ്യത്തേത്, കമ്പനി സൃഷ്ടിക്കുന്ന പാരിസ്ഥിതികവും ആരോഗ്യകരവുമായ പ്രശ്നങ്ങളാലുള്ള മരണത്തെക്കുറിച്ചുള്ള ഭയം. രണ്ടാമത്തേത്, കമ്പനിക്കെതിരെ സമരം ചെയ്താൽ ഭരണകൂടം കൊന്നുകളയുമോ എന്ന ഭയം. സമരം ചെയ്താലും ഇല്ലെങ്കിലും തൂത്തുക്കുടിക്കാർ മരിക്കുമെന്നുറപ്പാണ്. തീർച്ചയായും ഭയപ്പെടുത്തുക എന്നതു തന്നെയായിരുന്നു അവരുടെ ലക്ഷ്യം. സമാധാ

മെയ് 22 ന് 13 പേർ മരിച്ചു എന്നാണ് സർക്കാർ പറയുന്നത്. എന്നാൽ ഞങ്ങൾ പറയുന്നത് ഞങ്ങൾ വർഷങ്ങളായി ഇവിടെ ചത്തൊടുങ്ങിക്കൊണ്ടിരിക്കുകയാണ് എന്നാണ്. ഇത് മുൻകൂട്ടി നിശ്ചയിച്ചതു പ്രകാരമുള്ള കൊലപാതകമാണ്. മെയ് 22 ന് മാത്രമല്ല കൊലപാതകങ്ങൾ നടന്നത്. ഈയൊരു നിശ്ചിത ദിവസം സർക്കാർ തന്നെ നേരിട്ട് ജനങ്ങളെ കൊന്നു എന്നുമാത്രം. എന്നാൽ ബാക്കിയുള്ള 364 ദിവസവും കമ്പനി ഞങ്ങളെ അണു അണുവായി കൊല്ലുകയാണ്.

നപരമായി സമരം ചെയ്യുന്ന ജനങ്ങൾക്കെതിരെ വെടിയുതിർത്ത് ഇത്രയധികം പേരെ കൊന്നുകളഞ്ഞ സർക്കാരിനെ ഭയന്ന് കമ്പനിയുടെ ചൂഷണങ്ങളോട് മൗനം പാലിക്കാനാണ് സർക്കാർ പറയുന്നത്.

**സ്ത്രീകളെയായിരുന്നല്ലോ സമരത്തിന്റെ മുൻ നിരയിൽ എപ്പോഴും കാണാൻ കഴിഞ്ഞിരുന്നത്. കൊല്ലപ്പെട്ടവരിലും പരിക്കേറ്റവരിലും സ്ത്രീകളുണ്ട്. കുട്ടികളെ ഒക്കത്തെടുത്തുകൊണ്ട് പോലും അമ്മമാർ പ്രകടനത്തിനെത്തുന്ന ദൃശ്യങ്ങൾ കണ്ടു.**

സ്റ്റെർലൈറ്റ് വിരുദ്ധ സമരം നയിക്കുന്നത് സ്ത്രീകളാണ്. ഇരുപതിലധികം ഗ്രാമങ്ങളിൽ നിന്നായി 80 ശതമാനത്തോളം സ്ത്രീകളാണ് സമരത്തിൽ പങ്കെടുത്തത്. ഓരോ പാരിസ്ഥിതിക ദുരന്തത്തിന്റെയും ആദ്യ ഇരകൾ സ്ത്രീകളാണ്. അവരാണ് ഏറ്റവും കൂടുതൽ ബുദ്ധിമുട്ട് അനുഭവിക്കുന്നത്. വീട്ടാവശ്യങ്ങൾക്കുള്ള വെള്ളം ലഭിക്കാതെ വരുന്നത് അവരെ വല്ലാതെ പ്രയാസത്തിലാക്കുന്നുണ്ട്. കിലോമീറ്ററുകൾ താണ്ടി വെള്ളം ചുമന്ന് കൊണ്ടുവരുന്നത് സ്ത്രീകളാണ്. ഒരു കുടം വെള്ളം പോലും പൈസ കൊടുത്തു വാങ്ങേണ്ടി വരുന്നു. കമ്പനിക്ക് ഒരു ദിവസം ഒന്നര കോടി ലിറ്റർ വെള്ളം താമരഭരണി പുഴയിൽ നിന്നെടുക്കാം. ആയിരം ലിറ്റർ വെള്ളത്തിന് 10 രൂപ എന്നതാണ് നിരക്ക്. എന്നാൽ സ്റ്റെർലൈറ്റിന് ചുറ്റുമുള്ള ജനങ്ങളിൽ നിന്ന് ഒരു കുടം വെള്ളത്തിന് പത്ത് രൂപ ഈടാക്കുന്നു. അനുവദിച്ച ഒന്നര കോടി ലിറ്ററിൽ നിന്നും എത്രയോ മടങ്ങ് അധികം വെള്ളം അവരെടുക്കുന്നുണ്ട്. ഇത് പരിശോധിക്കാനുള്ള സംവിധാനം പോലും അവിടെയില്ല. ഗർഭം അലസൽ, വെള്ളത്തിന്റെ ദൗർലഭ്യം, ശാരീരിക പ്രശ്നങ്ങൾ, കുട്ടികൾക്കുണ്ടാകുന്ന അസുഖങ്ങൾ, കൃഷി ചെയ്യാൻ പറ്റാത്ത അവസ്ഥ തുടങ്ങിയ കാരണങ്ങളാൽ സ്ത്രീകൾ വളരെയേറെ ദുരിതമനുഭവിക്കുന്നു. ആ യാഥാർത്ഥ്യങ്ങളാണ്, ദുരിതാവസ്ഥകളാണ് അവരെ സമരം ചെയ്യാൻ നിർബന്ധിതരാക്കുന്നത്. കളിച്ചു രസിച്ചു നടക്കേണ്ട കുട്ടികൾ പോലും മുൻനിരയിൽ നിന്ന് മുദ്രാവാക്യം വിളിക്കുകയാണ്. “തൊട്ടിലിൽ തൂങ്ങും കുളന്തൈകൾ സുടുകാട്ടിൽ തൂങ്ങുവതാ” (തൊട്ടിലിൽ ഉറങ്ങേണ്ട കുട്ടികൾ ശ്മശാനത്തിലാണോ ഉറങ്ങേണ്ടത്) എന്നാണ് ഞങ്ങളുടെ കുഞ്ഞുങ്ങൾ ചോദിക്കുന്നത്.

**വെടിവയ്പ്പ് വളരെ ആസൂത്രിതമാണെന്നാണോ നിങ്ങൾ കരുതുന്നത്?**

മെയ് 22 ന് 13 പേർ മരിച്ചു എന്നാണ് സർക്കാർ പറയുന്നത്. എന്നാൽ ഞങ്ങൾ പറയുന്നത് ഞങ്ങൾ വർഷങ്ങളായി ഇവിടെ ചത്തൊടുങ്ങിക്കൊണ്ടിരിക്കുകയാണ് എന്നാണ്. ഇത് മുൻകൂട്ടി നിശ്ചയിച്ചതു പ്രകാരമുള്ള കൊലപാതകമാണ്. മെയ് 22 നു മാത്രമല്ല കൊലപാതകങ്ങൾ നടന്നത്. ഈയൊരു നിശ്ചിത ദിവസം സർക്കാർ തന്നെ നേരിട്ട് ജനങ്ങളെ കൊന്നു എന്നുമാത്രം. എന്നാൽ ബാക്കിയുള്ള 364 ദിവസവും കമ്പനി ഞങ്ങളെ അണു അണുവായി കൊല്ലുകയാണ്. സമരം ചെയ്യാനുള്ള അനുമതി നിഷേധിക്കുന്ന പതിവു തുടർന്നതുകൊണ്ടാണ് അന്നു ഞങ്ങൾ അനുമതി ആവശ്യപ്പെടാതെ സമരത്തിനിറങ്ങിയത്. സ്റ്റെർലൈറ്റിന്റെ താത്പര്യങ്ങൾക്കനുസരിച്ച് സമരത്തിന് അനുമതി നിഷേധിക്കുന്ന സർക്കാരിനോട് സമരം ചെയ്യാനുള്ള അനുമതി തേടേണ്ടതില്ലെന്ന് ഞങ്ങൾ തീരുമാനിക്കുകയായിരുന്നു. അനുമതി തന്നില്ലെങ്കിലും പോലീസും അധികാരികളും അവിടെ

ഉണ്ടാകണം എന്നും ഞങ്ങളുടെ ആവശ്യങ്ങൾ കേൾക്കണമെന്നും ഞങ്ങൾ ആഗ്രഹിച്ചിരുന്നു. നഗരത്തിലുള്ള ബൈപ്പാസ് വഴി പോകരുതെന്ന് പോലീസ് പറഞ്ഞത് ഞങ്ങൾ അനുസരിച്ചു. ഇത് അതിജീവനത്തിനു വേണ്ടിയുള്ള സമരമായിരുന്നു. ഓരോരുത്തരും അവരവരുടെ കുടുംബവുമായാണ് സമരത്തിൽ പങ്കെടുക്കാനെത്തിയത്. ആവശ്യങ്ങൾ അംഗീകരിക്കുന്നതുവരെ സമരം ചെയ്യുമെന്ന നിശ്ചയദാർഢ്യമുണ്ടായിരുന്നു. സമരത്തിന്റെ നൂറാം ദിവസം ആയിരുന്നതുകൊണ്ട് തന്നെ തീരുമാനമുണ്ടാകാതെ തിരിച്ചു പോവില്ലെന്നായിരുന്നു ഞങ്ങളുടെ പ്രഖ്യാപനം. പോലീസ് ഇപ്പോൾ പറയുന്നതു പോലെ അക്രമങ്ങളൊന്നും ഞങ്ങൾ നടത്തിയിട്ടില്ല. വളരെ ബോധപൂർവ്വം തന്നെയാണ് അവർ വെടിയുതിർത്തത്.

നൂറാം ദിവസത്തിലെ സമരത്തെക്കുറിച്ച് ആലോചിക്കുന്നതിന് തലേദിവസം ചെറുപ്പക്കാരായ 20 പേരുടെ നേതൃത്വത്തിൽ ഒരു പീസ് കമ്മിറ്റി രൂപീകരിക്കപ്പെട്ടിരുന്നു. സൂചനാ സമരം നടത്തിയാൽ മതിയെന്നവർ വാദിച്ചു. നൂറു ദിവസമായി നടക്കുന്ന സമരത്തെ സൂചനയായി സർക്കാരിനു കണ്ടുകൂടെയെന്ന് നാട്ടുകാരും ചോദിച്ചു. 21 ന് ജനങ്ങൾ കൂട്ടം ചേരരുതെന്ന് പറഞ്ഞ് 144 പ്രഖ്യാപിച്ചു. സമര ദിവസത്തേക്കായി ബുക്ക് ചെയ്ത വാഹനങ്ങളെല്ലാം പിൻവലിക്കപ്പെട്ടു. പ്രകടനത്തിന്റെ മുൻനിരയിൽ സ്ത്രീകളും കുട്ടികളുമായിരുന്നു. ഞങ്ങൾ പ്രകോപിതരാവാൻ വേണ്ടി പോലീസ് പലതും ചെയ്തു. സ്ത്രീകളുടെ മുലകളിലും അടിവയറ്റിലുമൊക്കെ പിടിച്ച് തള്ളി. പ്രകടനത്തിലേക്ക് കല്ലുകൾ എറിയുക, പശുവിനെ അഴിച്ചു വിടുക, വൃദ്ധരായവരെ പിടിച്ചുതള്ളുക, വാഹനങ്ങൾ കത്തിക്കുക തുടങ്ങി പലതും ചെയ്ത് സമരത്തെ അക്രമാസക്തമാക്കാൻ പോലീസ് പല രീതിയിലും ശ്രമം നടത്തി. സമരം അവസാനിപ്പിച്ച് പിന്തിരിഞ്ഞ് പോകാതെ ജനങ്ങളുടെ കോപവും അമർഷവും വർദ്ധിപ്പിച്ച് കലാപ സാഹചര്യം സൃഷ്ടിക്കുകയായിരുന്നു അവരുടെ ലക്ഷ്യമെന്ന് വെടിവെയ്പ്പ് തുടങ്ങിയപ്പോഴാണ് ഞങ്ങൾക്ക് മനസ്സിലായത്. സ്റ്റെർലൈറ്റ് കമ്പനിക്ക് അര കിലോമീറ്റർ മുന്നിൽ വെച്ച് പ്രകടനത്തിനു നേരെ കണ്ണീർവാതകം പ്രയോഗിച്ചു. കണ്ണെരിച്ചിൽ മൂലം പലരും മയങ്ങി വീണു. എന്നിട്ടും എരിഞ്ഞു നീറുന്ന കണ്ണുമായി ജനങ്ങൾ മുന്നോട്ടുനടന്നു. അതിനിടയിൽ ആരോ കല്ലെറിഞ്ഞു. ആദ്യത്തെ കല്ല് ആരാണ് എറിഞ്ഞത് എന്ന് ഞങ്ങൾക്കറിയില്ല. 18 കിലോമീറ്ററാണ് ഞങ്ങൾ നടന്നു വന്നത്. 10 കിലോമീറ്ററിനുള്ളിൽ തന്നെ ബാങ്ക്, കോടതി, പോലീസ് സ്റ്റേഷൻ, ആശുപത്രി, സ്കൂളുകൾ തുടങ്ങി നിരവധി സർക്കാർ സ്ഥാപനങ്ങൾ ഉണ്ടായിരുന്നിട്ടും ഞങ്ങളതൊന്നും നശിപ്പിക്കാൻ ശ്രമിച്ചില്ലല്ലോ. പ്രകടനത്തിൽ അക്രമമുണ്ടാവാനായി നേരത്തെ തന്നെ ആരൊക്കെയോ തയ്യാറെടുപ്പ് നടത്തിയിരുന്നു എന്നുവേണം കരുതാൻ. ‘അകത്തേക്ക് വാ...വാ’ എന്നു വിളിച്ച് പോലീസ് ഞങ്ങളെ കലക്ട്രേറ്റിലേക്ക് ക്ഷണിക്കുകയായിരുന്നു. ആസൂത്രണം ചെയ്തതുപോലുള്ള വെടിവെയ്പ്പ് നടത്താൻ ഞങ്ങൾ കലക്ട്രേറ്റ് വളപ്പിൽ തന്നെ എത്തേണ്ടതുണ്ടായിരുന്നു എന്ന് തോന്നുന്നു. പ്രകടനം കയറി വന്നതു തന്നെ കലുഷിതമായ ഒരു അന്തരീക്ഷത്തിലേക്കാണ്. ഏതോ ഒരു വണ്ടി കത്തിച്ചതിന്റെ പുക അന്തരീക്ഷത്തിലേക്ക് പടരുന്നതാണ് കലക്ട്രേറ്റിനു മുന്നിലെത്തുമ്പോൾ തന്നെ ഞങ്ങൾ കാണുന്നത്. പോലീസുകാരാണ് ആ വണ്ടി കത്തിച്ചത്. അപ്പോഴാണ് ഞങ്ങൾക്കിടയിൽ നിന്ന് ആരോ കല്ലെറിഞ്ഞത്. കല്ലേറു തുടങ്ങി ഏതാനും മിനിറ്റുകൾക്കുള്ളിൽ തന്നെ കെട്ടിടത്തിനു മുകളിൽ നിന്നും വെടിവെയ്പ്പു തുടങ്ങി. ചുവപ്പും കറുപ്പും ഷർട്ടിട്ടവരെ തെരഞ്ഞുപിടിച്ച് വെടിവെച്ചു. എവിടുന്നാണ് ഷൂട്ടിംഗ് നടക്കുന്നതെന്നറിയാതെ ജനങ്ങൾ ചിതറിയോടി. സമരത്തിന്റെ നേതൃനിരയിൽ നിന്നവരെ സ്റ്റെർലൈറ്റിന്റെ ആളുകൾ ചൂണ്ടുന്നതിനനുസരിച്ചാണ് പോലീസുകാർ വെടിയുതിർത്തത്.

എന്റെ കൺമുന്നിൽ വെച്ചാണ് 17 വയസ്സുള്ള പെൺകുട്ടി തലയിൽ വെടിയേറ്റു മരിച്ചത്.

ഞങ്ങൾ ആയുധം കൊണ്ടുപോയെന്നാണ് പോലീസ് പറഞ്ഞത്. വെള്ളത്തിന്റെ കുപ്പിയും കുട്ടികൾക്കുള്ള ബിസ്ക്കറ്റ് പാക്കറ്റുമല്ലാതെ ഞങ്ങളുടെ കൈയ്യിൽ മറ്റൊരായുധവും ഉണ്ടായിരുന്നില്ല. സർക്കാർ ആംബുലൻസിന്റെ ചില്ലു തകർത്തു എന്നതു ശരിയാണ്. പരിക്കേറ്റവരെ ഹോസ്പ്പിറ്റലിലെത്തിക്കാൻ ആംബുലൻസ് ജീവനക്കാർ തയ്യാറായില്ല. ചോരയിൽ വാർന്നു കിടക്കുന്നവരെ ഹോസ്പ്പിറ്റലിലെത്തിക്കാനുള്ള വ്യഗ്രതയിൽ ജനങ്ങൾ ചില്ലു തകർക്കുകയായിരുന്നു. പിന്നെന്താണ് ചെയ്യേണ്ടിയിരുന്നത്. അന്നേ ദിവസം ഒരൊറ്റ പോലീസുകാരൻ പോലും മരിച്ചില്ലല്ലോ. ആർക്കും ഗുരുതരമായ പരിക്കുകളില്ലല്ലോ. സർവ്വ ആയുധങ്ങളും കൈയ്യിൽ വെച്ച് നിരായുധരായ ജനങ്ങളെ കൊലപ്പെടുത്തിയിട്ടും അവർ പറയുന്നു ഞങ്ങളാണ് കലാപകാരികളെന്ന്. കമ്പനിയുടെ പ്രവർത്തനം സൃഷ്ടിക്കുന്ന മരണഭയത്താൽ ഞങ്ങൾ തെ

⇨ *ഏതു നിമിഷം വേണമെങ്കിലും ഞാനുൾപ്പെടെയുള്ള നിരവധി പേർ ഏതെങ്കിലും തരത്തിൽ ഇനിയും കൊല്ലപ്പെടാം* ⇨



കൃഷ്ണമൂർത്തി കിട്ടു

രഞ്ഞെടുത്തയച്ച സർക്കാരിനോട് സഹായമഭ്യർത്ഥിക്കാനെത്തിയവരെയാണ് അവർ മൃഗീയമായി കൊന്നൊടുക്കിയത്.

**മരണപ്പെട്ടവരുടെ കുടുംബങ്ങളുടെയു പരിക്കുപ്പറ്റിയവരെയും ഇപ്പോഴത്തെ അവസ്ഥയെന്താണ്?**

13 പേരാണ് മരിച്ചതെന്നാണ് സർക്കാർ കണക്കുകൾ പറയുന്നത്. ഞങ്ങൾക്കിന്നുമറിയില്ല എത്രപേർ മരിച്ചിട്ടുണ്ടെന്ന്. കുറേപേരെ കാണാതായിട്ടുമുണ്ട്. പരിക്കേറ്റവർ അനവധിയാണ്. പോലീസ് ആക്രമണത്തിൽ കൈകാലുകൾ നഷ്ടപ്പെട്ടവരുണ്ട്, ശരീരഭാഗങ്ങൾ ചതഞ്ഞു പോയവരുണ്ട്, ഇപ്പോഴുള്ള പരിക്കുകൾ മൂലം എപ്പോൾ വേണമെങ്കിലും മരിക്കാമെന്ന അവസ്ഥയിലുള്ളവരുണ്ട്. പക്ഷെ, ഹോസ്പിറ്റലുകളിൽ ചികിത്സയിലിരിക്കുന്നവരുടെയും വീട്ടിലിരുന്ന് ചികിത്സിക്കുന്നവരുടെയും കണക്കുകൾ ആരാണ് തയ്യാറാക്കുക? ജില്ലക്കു പുറത്തുള്ള ആശുപത്രികളിൽ പോലും ആളുകൾ ചികിത്സ തേടിയെത്തിയിട്ടുണ്ട്. പരിക്കേറ്റവരുടെ കണക്കുകൾ മറച്ചുവെക്കാനാണ് പോലീസ് ശ്രമിക്കുന്നത്. വെടിവെയ്പ്പിനെ തുടർന്നുള്ള രണ്ടു ദിവസങ്ങളിൽ വിവിധ ഹോസ്പ്പിറ്റലുകളിൽ ചികിത്സയിലിരിക്കുന്നവരെ പോലീസ് ഭീഷണിപ്പെടുത്തി വീട്ടിലേക്ക് പറഞ്ഞയച്ചിരുന്നു. പോലീസിന്റെ കൈയ്യിലുണ്ടായിരുന്ന ഒരുതരം ഇരുമ്പ് ദണ്ഡ് കൊണ്ട് അടിക്കുമ്പോൾ അടിക്കൊള്ളുന്ന ഭാഗത്ത് ആഴത്തിലുള്ള മുറിവുകളുണ്ടാകുന്നു, വിരലുകൾ തെറിച്ചു പോകുന്നു. സ്ത്രീകളുടെയെല്ലാം വായിലാണ് വെടിവെച്ചത്. അരയ്ക്കു താഴെ വെടിയേറ്റ് ഒരാൾ പോലും മരിച്ചിട്ടില്ല എന്ന വസ്തുത മതി പോലീസിന്റെ അജണ്ട മനസ്സിലാകാൻ. ജനങ്ങൾ പ്രകോപിതരായതാണ് കാരണമെങ്കിൽ അരയ്ക്കു താഴെ വെടിവെക്കാമായിരുന്നല്ലോ. അപ്പോൾ കൊല്ലുക എന്നതു തന്നെയായിരുന്നു അവരുടെ ലക്ഷ്യം. കൂട്ടക്കൊലയാണ് ഇവിടെ നടന്നത്. ജാലിയൻ വാലാബാഗിൽ നിന്നും വ്യത്യസ്തമായി ഒരുക്കൂട്ടം ആളുകളെ നാലുഭാഗത്തു നിന്നും വളഞ്ഞുനിർത്തി വെടിവെക്കുകയായിരുന്നു. ഇപ്പോഴും ഞാൻ പറയുന്നു ഞങ്ങൾ കലാപകാരികളല്ല. അതിജീവനത്തിനായി സമരം ചെയ്യുന്നവരാണ് ഞങ്ങൾ. വരും തലമുറയ്ക്ക് ജീവിക്കാനാവശ്യമായ പരിസരമൊരുക്കുക എന്നത് ഞങ്ങളുടെ ദൗത്യമായി കരുതുന്നതുകൊണ്ടാണ് ഞങ്ങൾ സമരം ചെയ്യുന്നത്. മണ്ണിന്റെ മക്കളാണ് ഞങ്ങൾ. ഇരകളായതുകൊണ്ടാണ് ഞങ്ങൾ സമരം ചെയ്യുന്നത്.

**ഈ വെടിവെയ്പ്പ് സമരത്തെ ഏതുതരത്തിലാണ് ബാധിച്ചത്? മുന്നോട്ടുള്ള വഴിയെക്കുറിച്ച് സമരപ്രവർത്തകർ എന്തെല്ലാമാണ് ആലോചിക്കുന്നത്?**

അഹിംസാമാർഗ്ഗത്തിലായിരുന്നു ഞങ്ങളിത്രയും കാലം സമരം ചെയ്തത്. കലാപമുണ്ടാക്കാനായിരുന്നുവെങ്കിൽ ഞങ്ങൾക്കത് മുമ്പും ആവാമായിരുന്നു. എന്നിട്ടും ജനങ്ങളെ വെടിവെച്ചുകൊല്ലാൻ ആരാണ് ആഹ്വാനം ചെയ്തത് ? ജനങ്ങൾ കല്ലെറിയുമ്പോൾ അവർ സാമൂഹ്യദ്രോഹികളും മാവോയിസ്റ്റുകളുമാക്കപ്പെടുന്നു. സർക്കാർ വെടിവെക്കുമ്പോൾ അവരെ എന്താണ് വിളിക്കേണ്ടത് ? പോലീസും സർക്കാരും ചേർന്ന് കൊടുക്കുന്ന അന്വേഷണ റിപ്പോർട്ട് ഏതളവുവരെ സത്യസന്ധമായിരിക്കുമെന്ന് ഞങ്ങൾക്കു സംശയമുണ്ട്. പോലീസ് സമർപ്പിക്കുന്ന റിപ്പോർട്ടുകൾ ആരാണ് മോണിറ്റർ ചെയ്യുക? ഇരകളായ ഞങ്ങളുടെ ഭാഗത്ത് നിന്നുള്ള പ്രതിനിധികളെക്കൂടി ഉൾക്കൊള്ളിച്ചുക്കൊണ്ട് അന്വേഷണം നടത്തിയാൽ മാത്രമാണ് തൂത്തുക്കുടി വെടിവെയ്പ്പിൽ പോലീസ് ശിക്ഷിക്കപ്പെടുകയും പാവപ്പെട്ട ജനങ്ങൾക്ക് നഷ്ടപരിഹാരം ലഭിക്കുകയും ചെയ്യുക. വെടിവെച്ച പോലീസുകാർ മാത്രമല്ല ശിക്ഷിക്കപ്പെടേണ്ടത്, അതിന് ഓർഡർ നൽകിയ അധികാരികളും ശിക്ഷിക്കപ്പെടണം. ഞങ്ങളുടെ കൺമുമ്പിൽ വെച്ചാണ് ഞങ്ങളുടെ കൂടപ്പിറപ്പുകൾ, ബന്ധുക്കൾ, അയൽവാസികൾ.... എല്ലാം മരിച്ചുവീണത്. സ്കൂൾ യൂണിഫോം ധരിച്ച് സമരത്തിനെത്തിയ പിഞ്ചുക്കുട്ടികളെ പോലും കൊന്നു. ഏതു നിമിഷം വേണമെങ്കിലും ഞാനുൾപ്പെടെയുള്ള നിരവധി പേർ ഏതെങ്കിലും തരത്തിൽ ഇനിയും കൊല്ലപ്പെടാം. കള്ളക്കേസുകൾ ചുമത്തി വേട്ടയാടപ്പെടുന്ന നിരവധി പേരുണ്ട് ഇപ്പോൾ തൂത്തുക്കുടിയിൽ. ദേശസുരക്ഷക്കുവേണ്ടി ഞങ്ങളെ അറസ്റ്റ് ചെയ്യാനാണ് കേന്ദ്ര സർക്കാർ പറയുന്നത്. ഞങ്ങളുടെ സുരക്ഷക്ക് അപ്പോൾ എന്തുറപ്പാണ് സർക്കാരിന് നൽകാനാവുക? ഇതിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കില്ലെന്നാണ് മുഖ്യമന്ത്രി പ്രസ്താവിച്ചത്. അപ്പോൾ മുഖ്യമന്ത്രി പോലും അറിയാതെ ആരായിരിക്കും വെടിവെയ്പ്പിന് ആഹ്വാനം ചെയ്തത്? നമ്മുടെ പ്രധാനമന്ത്രിയും തൂത്തുക്കുടിയിൽ സംഭവിച്ചതിനെപ്പറ്റി ഒരക്ഷരം മിണ്ടിയിട്ടില്ല. ഇതെ

ല്ലാം ചേർത്തു വായിക്കുമ്പോൾ ഞങ്ങളുടെ സംശയം ബലപ്പെടുകയാണ്.

സമരം ചെയ്യുന്നവരെ സാമൂഹ്യദ്രോഹികളായി കണക്കാക്കുന്നു. മാവോയിസ്റ്റുകളായി ചിത്രീകരിക്കുകയും അറസ്റ്റ് ചെയ്യുകയും ചെയ്യുന്നു. അപമാനിക്കുന്നു. ഭീഷണിപ്പെടുത്തുന്നു. കൊലപ്പെടുത്തുന്നു. സമീപകാലത്തായി ഈ പ്രവണത പതിന്മടങ്ങ് വർദ്ധിച്ചിരിക്കുകയാണ്. വീട്ടിൽ കയറാൻ പോലും കഴിയാത്ത വിധത്തിൽ പോലീസ് നിരന്തരം വേട്ടയാടുകയാണ്. അർദ്ധരാത്രികളിൽ സ്ത്രീകൾ മാത്രമുള്ള വീടുകളിൽ കയറി ഭീകരാന്തരീക്ഷം സൃഷ്ടിക്കുന്നു. പ്രായമായവരെയും കുട്ടികളെയുമെല്ലാം ഭീഷണിപ്പെടുത്തുന്നു. വീണ്ടും സമരം ചെയ്യാൻ വേണ്ടി കൂടിച്ചേരാൻ കഴിയാത്ത തരത്തിലുള്ള ഭയം ജനങ്ങൾക്കിടയിൽ സൃഷ്ടിക്കുന്നതിൽ പോലീസ് വിജയിച്ചിരിക്കുകയാണ്. ഭയപ്പെടുത്തി ഭിന്നിപ്പിച്ചിരിക്കുന്നു. ജനങ്ങളുടെ മാത്രം നേതൃത്വത്തിൽ ഇനിയും സമരം തുടരുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഭീഷണിപ്പെടുത്തുന്നതുകൊണ്ടോ അറസ്റ്റു ചെയ്യുന്നതുകൊണ്ടോ സമരത്തെ നിർജ്ജീവമാക്കാൻ സർക്കാരിനോ വേദാന്തക്കോ കഴിയില്ല. കാരണം സമരമുന്നയിച്ച ആവശ്യങ്ങൾ അത്രമാത്രം ന്യായമാണ്, സത്യമാണ്.

**സമരപ്രവർത്തകരാണ് പ്രകോപനമുണ്ടാക്കിയത് എന്ന് വരുത്തിത്തീർത്ത് നിങ്ങൾക്കെതിരെ കേസുകളെടുക്കാനുള്ള ശ്രമമാണ് നടക്കുന്നത് എന്ന് ആരോപണമുണ്ടല്ലോ. എന്താണ് കേസുകളുടെ സ്ഥിതി?**

കേസുകളുടെ എണ്ണം സംബന്ധിച്ച് ഒരു ധാരണയുമില്ല. അറസ്റ്റ് ചെയ്യപ്പെടുന്നതുവരെ അത് വ്യക്തമാവില്ല. ആദ്യം അറസ്റ്റ് ചെയ്യുകയും അതിനുശേഷം എത്ര കേസുകൾ വേണമെങ്കിലും ചാർജ് ചെയ്യാനുമാണ് അവർ ഉദ്ദേശിക്കുന്നത്. അറസ്റ്റ് ചെയ്തവരെ കുറിച്ചുള്ള രേഖകളൊന്നും പോലീസ് പുറത്തുവിടുന്നില്ല. സംഭവത്തിനു ശേഷം ചിലരെ കാണാതായിട്ടുമുണ്ട്. മകനെ കാണാനില്ലെന്ന് പറഞ്ഞ് ഒരമ്മ കോടതിയെ സമീപിച്ചതിനു ശേഷമാണ് അയാൾ അറസ്റ്റ് ചെയ്യപ്പെട്ടിരിക്കുകയായിരുന്നുവെന്ന് വീട്ടുകാരും കോടതിയും അറിയുന്നത്. അറസ്റ്റുകൾ രേഖപ്പെടുത്തുന്നു പോലുമില്ല.

**സർക്കാരിന്റെ ഭാഗത്ത് നിന്നും ഇപ്പോഴുമുണ്ടാകുന്നത് നിരാശാജനകമായ പ്രതികരണമാണല്ലോ. എന്താണ് നിങ്ങൾ ഭരണത്തിൽ നിന്നും പ്രതീക്ഷിക്കുന്നത്? പ്രതീക്ഷ അവശേഷിക്കുന്നുണ്ടോ?**

ജെല്ലിക്കെട്ടിനെതിരെ വന്ന കോടതി വിധി പോലും തിരുത്തുന്ന തരത്തിൽ ജെല്ലിക്കെട്ടിന്റെ സാംസ്കാരിക പശ്ചാത്തലം വിവരിച്ചുകൊണ്ട് തമിഴ്നാട് മുഴുവനും പ്രതിഷേധങ്ങൾ രൂപപ്പെട്ടിരുന്നു. ഇതേ തമിഴ്നാട്ടിലാണ് ആയിരക്കണക്കിനാളുകളുടെ എതിർപ്പിനെ മറികടന്ന് വ്യവസായശാലകൾ ഉയർന്നുവരുന്നത്. തമിഴ്നാട്ടിൽ തന്നെ കോപ്പർ ഉത്പാദനം നടത്തുന്ന ഒരേയൊരു കമ്പനി സ്റ്റെർലൈറ്റ് ആണ്. കോപ്പർ ഉത്പ്പാദനം തമിഴ്നാട്ടിലെങ്കിലും നിരോധിച്ചുകൊണ്ടുള്ള ഒരു ചട്ടം പാസ്സാക്കാൻ സർക്കാറിനു കഴിയില്ലേ. കമ്പനിയുടെ പ്രവർത്തനം മൂലമുള്ള ആഘാതങ്ങൾ തിരിച്ചറിയുമ്പോഴെങ്കിലും ജനദ്രോഹകരമല്ലാത്ത തീരുമാനമെടുക്കാൻ സർക്കാറിന് മുൻകൈ എടുക്കാമല്ലോ. ഇനി, അതുമല്ലെങ്കിൽ ജനവാസമില്ലാത്ത ഇടങ്ങളിൽ ഇത്തരം കമ്പനികൾ സ്ഥാപിച്ചുകൂടേ. നിലവിലുള്ള പരിസ്ഥിതി നിയമങ്ങളെങ്കിലും പാലിക്കാൻ ഓരോ വ്യവസായശാലകളെയും നിർബന്ധിക്കേണ്ടത് ആരാണ്? ജീവനും പ്രകൃതിക്കും വേണ്ടി സമരം ചെയ്യുന്നത് തെറ്റാണെന്നാണ് എല്ലാ ഭരണക്കൂടവും പറയുന്നത്. ജനാധിപത്യത്തിലുള്ള വിശ്വാസം നഷ്ടപ്പെടുത്തുന്നതരത്തിൽ സർക്കാരുകൾ ജനങ്ങളെ വഞ്ചിക്കുകയാണ്. സമരം ചെയ്യുന്നത് നിയമവിരുദ്ധമാണെന്ന് ഭരണഘടന പറയുന്നില്ലല്ലോ. നിലവിലുള്ള നിയമങ്ങളെയെല്ലാം മറികടന്ന് ഇത്രയധികം പേരെ കൊന്ന പോലീസല്ലേ യഥാർത്ഥ നിയമവിരുദ്ധർ, ജനവിരുദ്ധർ ?

മരിച്ചവരുടെ കുടുംബങ്ങൾക്ക് 10 ലക്ഷം രൂപ, ഗുരുതരമായി പരിക്കേറ്റവർക്ക് 5 ലക്ഷം രൂപ, കുറഞ്ഞ പരിക്കുള്ളവർക്ക് 3 ലക്ഷം രൂപ എന്നിങ്ങനെയാണ് നഷ്ടപരിഹാര തുകയുടെ കാര്യത്തിൽ സർക്കാർ പറയുന്നത്. പരിക്കേറ്റവരെ സംബന്ധിച്ച ഒരു കണക്കും കൈവശമില്ലാത്ത സർക്കാർ ആർക്കാണ് ഈ തുക നൽകാൻ പോകുന്നത്? 2010 കമ്പനി അടച്ചു പൂട്ടാൻ കോടതി ഉത്തരവുണ്ടായിരുന്നു. 2018 ലെ ഈ സമരത്തെത്തുടർന്ന് കമ്പനി അടച്ചു പൂട്ടിയതുൾപ്പെടെ ഏഴ് തവണയാണ് കമ്പനി ഇതുവരെ അടച്ചുപൂട്ടിയിട്ടുള്ളത്. എന്നാൽ വേദാന്തയുടെ രാഷ്ട്രീയ-സാമ്പത്തിക സ്വാധീനം ഉപയോഗിച്ച് കമ്പനി വീണ്ടും തുറന്നു പ്രവർത്തിക്കാറുണ്ടായിരുന്നു. അതുകൊണ്ടു തന്നെ ഈ അടച്ചു പൂട്ടലിലും ഞങ്ങൾക്ക് ഒട്ടും തന്നെ പ്രതീക്ഷയില്ല. സർക്കാർ ഇത്തവണയും ഞങ്ങളെ വഞ്ചിക്കും. എപ്പോൾ വേണമെങ്കിലും കമ്പനി തുറക്കാനിടയുണ്ട്. ■